പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2483.** 18.02.2016 ന് മറുപടിയ്ക്ക്.

## നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ്

ചോദ്യം

ശ്രീ.സി.ദിവാകരൻ :

(എ) നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് & സ്കിൽ ഫിയസ്റ്റ - 2016, നടത്തിപ്പിനായി എത്ര തുക ചിലവഴിച്ചു; എന്ത് നേട്ടങ്ങളാണ് ഇതിലൂടെ കൈവരിക്കാനായത് എന്ന് വ്യക്തമാ ക്കാമോ ?

ഉത്തരം

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി

(എ) നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് &സ്കിൽ ഫിയസ്റ്റ-2016 നായി ജി.ഒ (ആർടി)നം 179/2016/തൊഴിൽ തീയതി 09.02.2016 പ്രകാരം 4.95 കോടി രൂപയുടെ എസ്റ്റിമേറ്റ് റി-അപ്രോപ്രിയേഷന് വിധേയമായി അംഗീകരിച്ചിട്ടുണ്ട്. കണക്കുകൾ ക്രോഡീകരിച്ചതിനുശേഷം ചിലവഴിച്ച തുകയുടെ വ്യക്തമായ വിവരം സർക്കാരിൽ സമർപ്പിക്കുന്നതാണ് എന്ന് KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്കിൽ ഫിയസ്റ്റ നടത്തിയത്. ഇതിലൂടെ കേരളത്തെ ഇന്ത്യയിലെ ഒരു സ്കിൽ കാപ്പിറ്റൽ ആക്കി മാറ്റുവാനും ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള ആധുനിക ട്രേഡുകളെ സംബന്ധിച്ച് യുവതലമുറയ്ക്ക് അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ഐ.ടി.ഐ. കളുടെ പോരായ്മകൾ മനസ്സിലാക്കി അവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നേടുവാനും സാധിച്ചിട്ടുണ്ട്.

25 വയസ്സിനു താഴെയുള്ള യുവാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ മേഖലകളിൽ സോണൽ മത്സരങ്ങൾ സംഘടിപ്പിച്ചു. പ്ലസ് ടു/ഐ.ടി.ഐ./ഡിപ്ലോമ/ഡിഗ്രി വിഭാഗങ്ങളിൽ പെട്ടവരും മത്സരങ്ങളിൽ പങ്കെടുത്തു. സ്കിൽ ഫിയസ്റ്റ-യിലെ ജേതാക്കൾക്ക് വിവിധ കമ്പനികൾ ജോലി നൽകി കഴിഞ്ഞു. അതോടൊപ്പം മറ്റു മത്സരാർത്ഥികൾക്ക് Carborandum Universal, Nippon Toyota, Tata Group, Taj Group, Sobha Developers തുടങ്ങിയ ദേശീയ-അന്തർദേശീയ കമ്പനികൾ ജോലി വാഗ്ദാനം ചെയ്ത് മുന്നോട്ടു വന്നിട്ടുണ്ട്. സ്കിൽ ഫിയസ്റ്റയുടെ മാതൃകയിൽ കേരളത്തിലെ യുവതി യുവാക്കൾക്ക് അബുദാബിയിൽ നടക്കുന്ന അന്താരാഷ്ട്ര സ്കിൽ മീറ്റിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുങ്ങിക്കകഴിഞ്ഞു. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന കലോൽസവത്തിന്റെ മാതൃകയിൽ നൈപുണ്യം സംബന്ധമായി എല്ലാ വർഷവും ഒരു മീറ്റ് നടത്തുന്നതിനുവേണ്ട ആശയം രൂപീകരിച്ചിട്ടുണ്ട്.

## സ്കിൽ ഫിയസ്റ്റ

1. നിലവിലുള്ള ആധുനിക സാങ്കേതികവിദ്യ മനസ്സിലാക്കുവാനും ആയത് ഐ.ടി.ഐ. കളിലെ ട്രേഡുകളിൽ പ്രാവർത്തികമാക്കുന്നതിനുമുള്ള അവസരം ഐ.ടി.ഐ. അധ്യാപകർക്കും പ്രിൻസിപ്പാൾമാർക്കും ലഭിച്ചു.

2. തൊഴിലിന്റെ മഹത്വം കേരളത്തിലെ സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാധിച്ചു.

3. സ്കിൽ ഫിയസ്റ്റ വിജയകരമായി നടത്തിയതുവഴി കേരളത്തിലെ നൈപുണ്യവികസനത്തിന്റ നിലവാരം ലോക ശ്രദ്ധ പിടിച്ചുപറ്റി.

## നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ്

നൈപുണ്യം ഇന്റർനാഷണൽ സ്കിൽ സമ്മിറ്റ് നടത്തിയതുവഴി കേരളത്തിലെ യുവതലമുറയ്ക്ക് നൈപുണ്യവികസനം സംബന്ധിച്ച് വ്യക്തമായ ഒരു ദിശാബോധം നൽകുന്നതിനു സാധിച്ചു. World Skills India/National Skill Development Corporation – ലെ വിദഗ്ധരും മറ്റു വിവിധ മേഖലകളിലെ വിദഗ്ധരും ചേർന്ന് നൈപുണ്യ വികസനം സംബന്ധിച്ച ചർച്ചകൾ നടത്തുകയും നൈപുണ്യ വികസനം സംസ്ഥാനത്തിലെ യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ എങ്ങനെ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽവച്ച് കെട്ടിട നിർമ്മാണ മേഖലയിലെ നൈപുണ്യ വികസനത്തിനു വേണ്ടിയുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഇതുപോലെ മറ്റു മേഖലകളിലും ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇക്കഴിഞ്ഞ നൈപുണ്യം - 2016, കേരളത്തിന്റെ നൈപുണ്യ വികസനത്തിൽ ആഗോള തലത്തിൽ വലിയ ഒരു കുതിച്ചുചാട്ടമായി കരുതാം. കേരളത്തിലെ നൈപുണ്യ വികസനം പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയായി മാറ്റുന്നതിനും നൂതനമായ സാങ്കതികവിദ്യയിലൂന്നിയ ട്രേഡുകൾ ആരംഭിച്ച് ഈ സംസ്ഥാനത്തിന്റെ നൈപുണ്യ വികസനത്തെ ലോക നിലവാരത്തിൽ എത്തിക്കുന്നതിനും അതുവഴി നൈപുണ്യ വികസനം അടിസ്ഥാനമാക്കി നിലവിലുള്ള വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ തൊഴിൽ വർഗ്ഗത്തെ വാർത്തെടുക്കുവാനും കഴിയും. വിദേശ രാജ്യങ്ങളിൽ നിന്നടക്കം 600 delegates participate ചെയ്തു.

സെക്ഷൻ ഓഫീസർ